# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2597**

**12.03.2018-ന് മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ് റൂം വിനിമയം ശക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ ഭാഗമായി അദ്ധ്യാപക പരിശീലന പരിപാടികളിൽ കാലോചിതമായ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ വിവിധ തലങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ 'സമഗ്ര' വിദ്യാഭ്യാസ പോർട്ടലിന്റെ സഹായത്തോടെ അദ്ധ്യാപനം നടത്തുവാനും മികച്ച ഡിജിറ്റൽ വിഭവങ്ങൾ പോർട്ടലിൽ കൂട്ടിച്ചേർക്കാനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്. |
| (ബി) സ്കൂൾ വിദ്യാഭ്യാസ പഠനനിലവാരം പരിശോധിക്കുന്നതിന് ബേസ് ലൈൻ സ്റ്റഡി നടത്താറുണ്ടോ; അതിന് അനുസൃതമായി പഠന അവബോധന രീതി പുനരാവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) ദേശീയതലത്തിൽ എൻ.സി.ഇ.ആർ.ടി. നാഷണൽ അച്ചീവ്മെന്റ് സർവെ നടത്തുന്നുണ്ട്. സമാനമായ നിലവാര പരീക്ഷ സംസ്ഥാനം നടത്തുന്നതുകൊണ്ട് പുതിയ കണ്ടെത്തലുകൾക്ക് സാധ്യതയില്ലെന്ന നിരീക്ഷണം പരിഗണിച്ച് സംസ്ഥാനത്ത് പ്രത്യേക പരീക്ഷ നടത്തുന്നില്ല. ടേം പരീക്ഷകളിലെ കുട്ടികളുടെ പ്രതികരണം സാമ്പിളുകൾ അടിസ്ഥാനമാക്കി വിശകലനം ചെയ്തു വരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അധ്യാപക പരിശീലനങ്ങൾ ആസൂത്രണം ചെയ്യുന്നത്. |

(സി) അദ്ധ്യാപകരുടെ രാഷ്ട്രീയ പ്രവർത്തന പരിപാടികൾ നിമിത്തം വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്ന ജോലിയിൽ പൂർണ്ണമായും മുഴുകാൻ സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

(സി) അധ്യാപകരുടെ ഇതര മേഖലകളിലെ പ്രവർത്തനങ്ങൾ പഠനത്തിന് തടസ്സമാകുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടില്ല. അക്കാദമിക പ്രവർത്തനങ്ങളിൽ അധ്യാപകരുടെ ശ്രദ്ധയും താല്പര്യവും ഉയർത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. എസ്.സി.ഇ.ആർ.ടി അധ്യാപകരുടെ വ്യക്തിഗത ഗവേഷണത്തിനു സാമ്പത്തിക സഹായം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ